LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ നിയമവിരുദ്ധപ്രവർത്തനം

115 [118] ശ്രീ. സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ജയിൽ തടവുകാരോട് പക്ഷപാതപരമായി ഇടപെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജയിലുകളിൽ ജീവനക്കാരുടേയും തടവുകാരുടേയും ഇടയിൽ അച്ചടക്കം സ്ഥാപിക്കുന്നതിനായി ജയിലുദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജയിലിൽ തടവുകാരോട് പക്ഷപാതപരമായി ഇടപെടാറില്ല.

വരൾച്ചയുടെ ഫലമായി കൃഷിനാശവും കുടിവെള്ളക്ഷാമവും ഉണ്ടാകുന്നതിന് ശാശ്വത പരിഹാരം

116 [119] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, ഇ. റ്റി. മുഹമ്മദ് ബഷീർ:

,, സി. മോയിൻകുട്ടി:

,, ഇസ്ഹാക്ക് കുരിക്കൾ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൊടും വരൾച്ചയുടെ ഫലമായി കൃഷിനാശവും കുടിവെള്ളക്ഷാമവും ഉണ്ടാകുന്നതിന് ശാശ്വത പരിഹാരം കാണുന്നതിനായി സംസ്ഥാനത്തെ നദീജല സമ്പത്ത് അയൽ സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിയന്ത്രിക്കാൻ നിലവിലുള്ള കരാറുകൾ റദ്ദാക്കുന്നതിനോ പുതുക്കി നിശ്ചയിക്കുന്നതിനോ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളുമായിട്ട് ഏതെല്ലാം നദീജലം സംബന്ധിച്ച് എന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ച് അർഹിക്കുന്നതിൽ കൂടുതൽ ജലം തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) കരാറുകൾ നിലവിലില്ലാതെ തന്നെ ജലം പല സ്ഥലങ്ങളിൽ നിന്നും ചോർത്തി കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാൻ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) നിലവിലുള്ള കരാറുകൾ റദ്ദാക്കുന്നതിനും പുതുക്കി നിശ്ചയിക്കുന്നതിനും പ്രസ്തുത കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ 29-5-1970-ൽ നിലവിൽ വന്ന പറമ്പിക്കുളം-ആളിയാർ നദീജല പദ്ധതിക്കരാറിന്റെ പുനരവലോകന നടപടികൾ നടന്നുവരുന്നു.

(ബി) 29-5-1970-ൽ നിലവിൽ വന്ന കേരളവും തമിഴ്നാടും തമ്മിലുള്ള പറമ്പിക്കുളം-ആളിയാർ നദീജല പദ്ധതിക്കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 1988-ൽ പുനരവലോകനം ചെയ്യേണ്ടിയിരുന്ന കരാറിന്റെ പുനരവലോകന ചർച്ചകൾ 1988-ൽ ആരംഭിക്കുകയും, തുടർന്ന് മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും കരാർ പുനരവലോകന ചർച്ചകൾ നടത്തുകയും ചെയ്തു. കരാർ പുനരവലോകനം പൂർത്തീകരിക്കാനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുന്നു.

(സി) നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ച് അർഹിക്കുന്നതിൽ കൂടുതൽ ജലം തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) അന്തർ സംസ്ഥാന നദിയായ കാവേരിയുടെ പോഷക നദികളായ ഭവാനി, പാമ്പാർ, കബനി എന്നീ കിഴക്കോട്ടൊഴുകുന്ന നദികളിൽ നിന്നും കേവലം 5 ടി.എം.സി. ജലം മാത്രമാണ് കേരളം ഉപയോഗിക്കുന്നത്. ഇവയിൽ നിന്നുമുള്ള ജലം തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളാണ് ഉപയോഗിക്കുന്നത്. കരാറുകളില്ലാതെയാണ് ഈ ജലം പ്രസ്തുത സംസ്ഥാനങ്ങൾ ഉപയോഗിക്കുന്നത്. കാവേരിയിൽ നിന്നും ജലം ലഭിക്കുന്നതിന് കേരളം കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത കേസ് ഇപ്പോൾ ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. കേരളത്തിനുള്ളിൽ കൂടി ഒഴുകുന്ന മറ്റു നദികളിൽ നിന്നും വെള്ളം കരാറില്ലാതെ ചോർത്തികൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly